>> കവർസ്റ്റോറി



# ആത്മീയ മാഫിയ അരങ്ങുവാഴുമ്പോൾ

**സ്വദ്റുദ്ദീൻ വാഴക്കാട്**

**ആത്മീയത** അശ്ലീലമായൊരു പ്രയോഗമായി മാറിയിരിക്കുന്നു ഇന്ന്. ദൈവഭക്തിയുടെയും ജീവിതവിശുദ്ധിയുടെയും ഉദാത്ത ഭാവങ്ങൾ പ്രതിഫലിക്കേണ്ട, മഹിത മൂല്യങ്ങളുടെ പ്രസാരണ കേന്ദ്രമാകേണ്ട ആധ്യാത്മിക രംഗം കള്ളനാണയങ്ങൾ യഥേഷ്ടം വിഹരിക്കുന്ന സർവ വ്യത്തികേടുകളുടെയും കൂത്തരങ്ങായി പരിണമിച്ചിട്ടുണ്ട്.ദൈവത്തെയും മതത്തെയും മാറ്റിനിർത്തിയ മതേതര ആത്മീയതയും മതരഹിത ആത്മീയതയും ക്രിമിനൽ ആത്മീയതയും രംഗത്തുവരുന്നതാണ് ഉത്തരാധുനിക കാലം! ഇവിടെ ആത്മീയ പ്രഭാഷകർ അശ്ലീലം പറയുന്നു, സുവിശേഷ ഗായകർ തട്ടിപ്പുകേസുകളിൽ പ്രതികളാകുന്നു, കൊലപാതകങ്ങൾ പൂജകളാകുന്നു!

സ്വാമി, ഗുരു, അമ്മ, ബാബ, സിദ്ധൻ, ശൈഖ്, തന്ത്രി, ധ്യാനം, പൂജ, മന്ത്രം, ജ്യോതിഷം, ദർശനം, വഴിപാട്, ഭജന, മഠം, ആശ്രമം, ധ്യാനകേന്ദ്രം, ഖാൻഗാഹ്, ആനന്ദോൽസവം, രോഗശാന്തി ശുശ്രൂഷ തുടങ്ങിയ 'ആത്മീയ' പ്രയോഗങ്ങൾക്ക് മലയാളിയുടെ നിഘണ്ടുവിൽ പുതിയ ചില അർഥങ്ങളുണ്ടായിരിക്കുന്നു. കൊല, കൊള്ള, ബലാത്സംഗം, പെൺവാണിഭം, സ്വവർഗരതി, ബ്ലൂഫിലിം നിർമാണം, തട്ടിപ്പ്, വണ്ടിച്ചെക്ക്, ബ്ലാക് മെയിലിംഗ്, ആൾമാറാട്ടം തുടങ്ങിയവയാണ് അവയുടെ പര്യായപദങ്ങൾ. 'തോക്ക് സ്വാമിയും സെക്സ് സ്വാമിയും അച്ചാർ സ്വാമിയു'മെല്ലാം ദൈവാവതാരങ്ങളാണിന്ന്! മണൽ മാഫിയ, ഭൂമാഫിയ, സ്പിരിറ്റ് മാഫിയ, സി.ഡി മാഫിയ, പെൺവാണിഭ മാഫിയ... ഈ പട്ടികയിലെ പുത്തൻ നമ്പറാണ് 'ആത്മീയ മാഫിയ'. അങ്ങനെ ജാതീയതയുടെ ഭ്രാന്താലയമായിരുന്ന കേരളം ഇന്ന് ആൾദൈവങ്ങളുടെയും ആത്മീയ വൈകൃതങ്ങളുടെയും മെഗാ ഭ്രാന്താലയമായിരിക്കുന്നു. അക്ഷരാർഥത്തിൽതന്നെ കേരളം ഭക്തിക്കച്ചവടക്കാരുടെ പറുദീസയാണ്. കാസർകോട് മുതൽ കന്യാകുമാരി വരെ സഞ്ചരിച്ചാൽ ബസ് സ്റ്റാന്റിൽ ഇഞ്ചിമിഠായി വിൽക്കുന്ന വഴിവാണിഭക്കാരെ പോലെ ഭക്തി വിറ്റ് കീശയും മേശയും വീർപ്പിക്കുന്ന നൂറുക്കണക്കിന് സ്വാമിമാരെയും അമ്മമാരെയും സിദ്ധന്മാരെയും കാണാം. മനുഷ്യദൈവങ്ങളെ തടഞ്ഞ് വഴി നടക്കാനാകാത്ത അവസ്ഥ. അമൃത ചൈതന്യയുടെ അറസ്റ്റിനെത്തുടർന്ന്, മാലപടക്കത്തിന് തീ കൊടുത്ത പോലെയാണ് സ്വാമിമാരുടെ തട്ടിപ്പ് കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. മോഷ്ടാക്കൾ, ആയുധക്കടത്തുകാർ, ബലാത്സംഗക്കാർ, വണ്ടിച്ചെക്ക് കേസ് പ്രതികൾ, സിനിമകൾ പൊളിഞ്ഞ് പാളീസായ സംവിധായകർ, ഇന്റർപോൾ അന്വേഷിക്കുന്ന കുറ്റവാളികൾ, റിയൽ എസ്റ്റേറ്റ് മാഫിയകൾ തുടങ്ങിയ ക്രിമിനലുകളാണ് കാഷായ വേഷത്തിനും ശുഭ്ര വസ്ത്രത്തിനും അകത്തുനിന്ന് പിടിക്കപ്പെടുന്നത്. മീഡിയക്ക് നല്ല കൊയ്ത്തു കാലമാണിത്!

### പശ്ചാത്തലമെന്ത്?

അതിരില്ലാത്ത ഭൗതികാസക്തിയുടെ മറ്റൊരു വശമാണ് ആത്മീയതയുടെ കച്ചവടവത്കരണം. ജീവിതം മൂല്യരഹിതവും പ്രശ്നസങ്കീർണവുമാകുമ്പോൾ ജനം പരിഹാരങ്ങൾ തേടി അബദ്ധ വഴികളിലൂടെ സഞ്ചരിക്കും. അവരെ കൾട്ടുകൾ കീഴടക്കും. ആധുനിക യൂറോപ്പ് ഇതിന്റെ ഒരു ഉദാഹരണമാണ്. ഫ്രഞ്ച് വിപ്ലവവും വ്യവസായ വിപ്ലവവും കഴിഞ്ഞപ്പോൾ യൂറോപ്പിൽ കൾട്ടുകളുടെ സുനാമിതന്നെ ഉണ്ടായി. യൂറോപ്യൻ കൾട്ടുകൾ മതിയാകാതെ വന്നപ്പോൾ ഇന്ത്യയിൽനിന്ന് ആൾദൈവങ്ങളെ ഇറക്കുമതി ചെയ്യാൻ യൂറോപ്പ് ഉത്സാഹിച്ചു. അങ്ങനെ ഇന്ത്യൻ മനുഷ്യദൈവങ്ങൾ യൂറോപ്യൻ മനസ്സിൽ പ്രതിഷ്ഠ നേടി.

വർത്തമാന സമൂഹത്തിന്റെ ഉപ

ഭോഗതൃഷ്ണ, സാമ്പത്തിക മോഹങ്ങൾ, ആർഭാട ജീവിതം, പല മുഖങ്ങളുള്ള ചൂതാട്ടം, തൊഴിൽ സംഘർഷം, ഒറ്റപ്പെടൽ, ഭയം, നിരാശ തുടങ്ങിയവ മനസ്സിനെ ദുർബലമാക്കുകയും അന്ധവിശ്വാസങ്ങൾക്ക് അടിപ്പെടുത്തുകയും ചെയ്തു. സുഖഭോഗം ലക്ഷ്യം വെച്ച് 'ഭക്തർ' ആത്മീയ കേന്ദ്രങ്ങളിലെത്തിയപ്പോൾ, പണവും സുഖവും ലക്ഷ്യംവെച്ച് കച്ചവടക്കാർ ആത്മീയ കേന്ദ്രങ്ങൾ തുറന്നു. പരസ്പര പൂരകമായൊരു കച്ചവടം വികസിക്കുകയും ചെയ്തു.

മാനസിക സംഘർഷമുള്ള വ്യക്തികളും അസ്വസ്ഥത നിറഞ്ഞ കുടുംബങ്ങളും അരക്ഷിതമായ സമൂഹവും ആൾദൈവങ്ങളുടെ മാർക്കറ്റ് വാല്യൂ വർധിപ്പിച്ചു. ആഗോളവത്കരണത്തിന്റെ പ്രതിബിംബ



**വിശ്വാസങ്ങൾക്കും ആരാധനാ രീതികൾക്കും ആചാരാദികൾക്കും നിയതമായ നിയമങ്ങളോ നിർണിതമായ അതിർ വരമ്പുകളോ ഇല്ലാത്ത, ചൈതന്യവത്തായ ആത്മാവും വ്യവസ്ഥാപിതമായ ചട്ടക്കൂടും ഇല്ലാത്ത മതപരിസരം വിശ്വാസത്തിന്റെയും ഭക്തിയുടെയും പേരിൽ ആർക്കും എന്തും കാട്ടിക്കൂട്ടാനുള്ള അവസരമൊരുക്കുന്നു. അബദ്ധജടിലമായ അവതാര സങ്കൽപം ഏതു ക്രിമിനലിനും 'അവതാര'വാദമുന്നയിക്കാൻ സഹായകമാണ്. ഒരു ജനതയുടെ വിശ്വാസപരമായ മാർഗഭ്രംശമാണ് അവരെ അന്ധവിശ്വാസികളും ആത്മീയ കച്ചവടക്കാരുടെ ഇരകളുമാക്കുന്നത്.**

മാണിന്ന് ആത്മീയ വൈകൃതങ്ങൾ. ഒരുവശത്ത് ആനന്ദോത്സവങ്ങളും വചനപ്രഘോഷവും പെരുകുമ്പോൾതന്നെ മറുവശത്ത് ആത്മഹത്യയും വർധിക്കുന്ന വിരോധാഭാസം!

'ജീവനകല'യുടെ ഒരു പരസ്യവാചകം ശ്രദ്ധിക്കുക: "നിത്യജീവിതത്തിലെ പ്രതിസന്ധികളെയും പിരിമുറുക്കങ്ങളെയും പുഞ്ചിരിയോടു കൂടി നേരിടുവാനും അസുഖങ്ങളിൽ നിന്നും അസ്വസ്ഥതകളിൽനിന്നും നമ്മെ വിമോചിപ്പിക്കുവാനും, എന്നോ മറന്നുപോയ ആനന്ദവും സന്തോഷവും ജീവിതത്തിൽ തിരികെ കൊണ്ടുവരാനും ലോകാരാധ്യനായ സദ്ഗുരു ശ്രീ ശ്രീ രവിശങ്കർജി വിഭാവനം ചെയ്ത ലളിതമായ ഈ കോഴ്സിലൂടെ അമൂല്യമായ ജ്ഞാനം നേടുവാൻ ഇതാ ഒരപൂർവ അവസരം. ആനന്ദത്തിന്റെ മാത്രം അന്തരീക്ഷത്തിൽ നടക്കുന്ന 6 ദിവസം രണ്ടര മണിക്കൂർ വീതം നീണ്ടുനിൽക്കുന്ന ഈ കോഴ്സിൽ ജാതിമത ഭേദമന്യെ 15 വയസ്സിനു മുകളിലുള്ള ഏവർക്കും പങ്കെടുക്കാം." അണുകുടുംബങ്ങളും അറ്റുപോകുന്ന മനുഷ്യബന്ധങ്ങളും സൃഷ്ടിക്കുന്ന ഒറ്റപ്പെടലിൽ സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും മറുവഴി തേടാൻ ശ്രമിക്കുന്നവരെ ജീവനകലക്കാർ ജീവിക്കാനുള്ള ഉപാധിയാക്കുന്നതെങ്ങനെയെന്ന് ഈ നോട്ടീസ് പറയുന്നു. അങ്ങനെ, പരസ്പരം ആലിംഗനം ചെയ്യാൻ ആരും തയാറാകാത്ത ലോകത്ത് ആലിംഗനം ഒരു ആത്മീയ ബിസിനസാക്കിയ പെൺദൈവങ്ങൾ ഉണ്ടാകുന്നു. മറ്റുള്ളവർക്ക് ചെവി കൊടുക്കാനോ അവരുടെ പ്രയാസങ്ങൾ കേൾക്കാനോ ആളില്ലാത്ത കാലത്ത് അതൊരു തൊഴിലായി സ്വീകരിക്കുന്നവർ സ്വാമിയും അമ്മയും സിദ്ധനുമായി പൂജിക്കപ്പെടുന്നു. മൂല്യ നിരാസത്തിലധിഷ്ഠിതമായ ആധുനിക ഭൗതികത സൃഷ്ടിച്ച ഈ ഭ്രാന്താലയത്തിൽ സ്വസ്ഥതയും സമാധാനവും തേടുന്നവർ ആരുടെ പിന്നാലെയും പോകും. എന്തിനും ഇവിടെ ആളെ കിട്ടും. 'സൂര്യായാഗ്' എന്ന പുതിയൊരു ആത്മീയതട്ടിപ്പും ഇപ്പോൾ ആളെ കൂട്ടിക്കൊണ്ടിരിക്കുന്നു.

പാരമ്പര്യ ആരാധനകളിലും ആചാരങ്ങളിലും തൃപ്തരാകാത്ത പുതിയ തലമുറ പുത്തൻ രീതികളിൽ പെട്ടെന്ന് ആകൃഷ്ടരാകുന്നതു കാണാം. ആൾദൈവങ്ങൾ വിദ്യാസമ്പന്നരായ പുതുതലമുറയെ ആകർഷിക്കുന്ന ധ്യാനരൂപങ്ങളും ജീവനകലകളും 'ശാസ്ത്രയുക്തി'യോടെ ആവിഷ്കരിക്കുന്നതിന്റെ മനശ്ശാസ്ത്രമിതാണ്. ആത്മീയ ചടങ്ങുകൾക്ക് സമീപകാലത്ത് സംഭവിച്ചിട്ടുള്ള പരിണാമങ്ങൾ പരിശോധിക്കേണ്ടതാണ്. ഭക്തി, വിശുദ്ധി, മൗന പ്രാർഥന തുടങ്ങിയവ വിട്ട് ബഹളം, ആഘോഷം, ആൾക്കൂട്ടം, ആട്ടം, റിലാക്സേഷൻ തുടങ്ങിയ പുത്തൻ രീതികൾ കാണാം. ഒരുതരം മാസ് ഹിസ്റ്റീരിയയും വിഭ്രാന്തിയുമാണ് സ്വയംകൃത ആരാധനാ ചടങ്ങിലൂടെ നവ ആത്മീയത സൃഷ്ടിക്കുന്നത്. ക്രിക്കറ്റ് കളി കാണുന്ന ആസ്വാദനം തന്നെയാണ് ആത്മീയ ചടങ്ങും ഭക്തർക്ക് നൽകുന്നത്. 'രണ്ടിലും ദൈവങ്ങളും ആരാധകരു'മാണല്ലോ ഉള്ളത്. ആഘോഷവും ആർഭാടവും കൈമുതലാക്കിയ പഞ്ചനക്ഷത്ര/ ഹൈടെക് ആത്മീയതയാണിന്ന് വളർന്നു വന്നിട്ടുള്ളത്.

വിശ്വാസങ്ങൾക്കും ആരാധനാ രീതികൾക്കും ആചാരാദികൾക്കും നിയതമായ നിയമങ്ങളോ നിർണിതമായ അതിർ വരമ്പുകളോ ഇല്ലാത്ത, ചൈതന്യവത്തായ ആത്മാവും വ്യവസ്ഥാപിതമായ ചട്ടക്കൂടും ഇല്ലാത്ത മതപരിസരം വിശ്വാസത്തിന്റെയും ഭക്തിയുടെയും പേരിൽ ആർക്കും എന്തും കാട്ടിക്കൂട്ടാനുള്ള അവസരമൊരുക്കുന്നു. അബദ്ധജടിലമായ അവതാര സങ്കൽപം ഏതു ക്രിമിനലിനും 'അവതാര'വാദമുന്നയിക്കാൻ സഹായകമാണ്. ഒരാൾ 'എന്നിൽ ദൈവം അവതരിച്ചിരിക്കുന്നു, എനിക്ക് ദൈവത്തിന്റെ ഉൾവിളി ഉണ്ടായിരിക്കുന്നു, ഞാൻ ബാബയാണ്, സ്വാമിയാണ്, ദേവിയാണ്' എന്നൊക്കെ അവകാശപ്പെടുന്നു. ചില്ലറ മാജിക്കുകൾ കാണിച്ച് അത് 'തെളിയിക്കുന്നു.' ചെയ്തുകൂട്ടുന്ന നഗ്ന പൂജ ഉൾപ്പെടെയുള്ള വൃത്തികേടുകളെല്ലാം എന്നിലൂടെ ദൈവം ചെയ്യുന്നതാണെന്ന് പറഞ്ഞ് ആത്മീയവത്കരിക്കുകയും ചെയ്യുന്നു. ഏതൊരു തട്ടിപ്പുകാരനും ഇത്തരം വാദങ്ങളുന്നയിച്ച് രംഗത്തു വന്നാൽ അവരെല്ലാം പൂജിക്കപ്പെടുകയും ആയിരക്കണക്കായ ആരാധകരെ ലഭിക്കുകയും പണവും ശരീരവും അർപ്പിക്കപ്പെടുകയും, ഒളിഞ്ഞും തെളിഞ്ഞും ചെയ്യുന്ന ക്രിമിനൽ കുറ്റങ്ങൾക്ക് ദൈവികത അവകാശപ്പെടു

കയും, അതിനെതിരായ ചെറു ശബ്ദം പോലും മതവികാരം വ്രണപ്പെടുത്തുന്നതും വർഗീയതയുമായി പ്രചരിപ്പിച്ച് നിശ്ശബ്ദമാക്കുകയും ചെയ്യുന്ന സാമൂഹിക സാഹചര്യവും വിശ്വാസപരിസരവും നിലനിൽക്കുമ്പോൾ എങ്ങനെയാണ് ആൾ ദൈവ തട്ടിപ്പുകൾ പെരുകാതിരിക്കുക? അനേകം തട്ടിപ്പ് കഥകൾ പുറത്തു വന്നിട്ടും എത്രയോ പേർ ജീവിക്കുന്ന ഇരകളായി മുമ്പിലുണ്ടായിട്ടും എങ്ങനെയാണ് ആൾദൈവങ്ങൾ ദിനം പ്രതി മുളച്ചു പൊങ്ങുന്നത്? എന്തുകൊണ്ടാണ് അവർക്ക് ഭക്തജനം വർധിക്കുന്നത്? ഏതൊരു ആശയ പരിസരമാണ് അവർക്ക് പിൻബലമേകുന്നത്?

ഒരു ജനതയുടെ വിശ്വാസപരമായ മാർഗഭ്രംശമാണ് അവരെ അന്ധവിശ്വാസികളും ആത്മീയ കച്ചവടക്കാരുടെ ഇരകളുമാക്കുന്നത്. മുസ്‌ലിം സിദ്ധന്മാരുടെയും ബീവിമാരുടെയും മഖ്ബറ വ്യവസായികളുടെയും ചൂഷണത്തിന് ഇരകളാകുന്ന പാമരന്മാരും ഇതിന്റെ ഉദാഹരണങ്ങളാണ്.

പൗരോഹിത്യമാണ് മറ്റൊരു പ്രധാന വില്ലൻ. ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യവർത്തികൾ ആവശ്യമാണെന്നും അവർക്ക് അമാനുഷിക സിദ്ധികൾ ഉണ്ടാകുമെന്നും അവർ 'കാർമിക'രാണെന്നും അവർക്ക് ദക്ഷിണ നൽകി പ്രസാദിപ്പിക്കേണ്ടതുണ്ടെന്നുമുള്ള അന്ധവിശ്വാസം നിലനിൽക്കുമ്പോൾ ഭക്തർ ചൂഷണം ചെയ്യപ്പെടുക തന്നെ ചെയ്യും. അതിമാനുഷരായ സ്വാമി-സിദ്ധന്മാരെക്കുറിച്ച കഥകൾ പ്രചരിപ്പിക്കുന്നതും എല്ലാതരം അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ശാസ്ത്രീയമായി അവതരിപ്പിക്കുന്നതും ആത്മീയ തട്ടിപ്പുകൾക്കുള്ള ആശയാടിത്തറയൊരുക്കുന്നു. പൗരോഹിത്യം ജനങ്ങളെ ചൂഷണം ചെയ്യുന്നുവെന്നും (ഖുർആൻ 2:79, 9:34) അത് ദൈവം കൽപിച്ചിട്ടില്ലാത്ത പുത്തനാചാരമാണെന്നും (ഖുർആൻ 57:27) ഉള്ള ഇസ്‌ലാമിക കാഴ്ചപ്പാട് ഇവിടെ പ്രസക്തമാണ്. 'ഇസ്‌ലാം പൗരോഹിത്യത്തെ തീർത്തും നിരാകരിക്കുന്നുവെന്ന' നബിയുടെ പ്രഖ്യാപനം ആത്മീയ തട്ടിപ്പുകളുടെയും ചൂഷണങ്ങളുടെയും അടിവേരറുക്കുന്നു. യാതൊരു ഭൗതിക പ്രതിഫലവും ആഗ്രഹിക്കാത്ത, നന്ദി വാക്കു പോലും പ്രതീക്ഷിക്കാത്ത വിശുദ്ധ പ്രവാചകന്മാരെയാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്.

### വമ്പൻ വളർച്ച

ചോദ്യം ചെയ്യപ്പെടാൻ സാധ്യതയില്ലാത്ത മതപരിസരം, വർഗീയതയാരോപിച്ച് എതിർപ്പുകളെ നിശ്ശബ്ദമാക്കി നിലനിൽപ് ഭദ്രമാക്കാനുള്ള സാധ്യത, ജനങ്ങളുടെ അന്ധവിശ്വാസാടിമത്തം, രാഷ്ട്രീയ സ്വാധീനം, വൻകിട ബിസിനസുകാരും സമ്പന്നരും സിനിമക്കാരുമായുള്ള ബന്ധങ്ങൾ, നിയമത്തെയും മീഡിയയെയും വിലക്കെടുക്കാവുന്ന സാമ്പത്തിക ശേഷി, സ്ഥാപിത താൽപര്യക്കാരായ അന്താരാഷ്ട്ര ഏജൻസികളുടെ പിന്തുണ, ഗുണ്ടാപട തുടങ്ങിയ വൻ റാക്കറ്റിന്റെ പിൻബലത്തിലാണ് ആത്മീയ മാഫിയ വളർന്നു വികസിക്കുന്നത്. പല ആൾദൈവങ്ങളുടെയും വളർച്ചക്ക് മിന്നൽ വേഗതയാണ്. പ്രധാനമന്ത്രി, രാഷ്ട്രപതി, നീതി പീഠത്തിന്റെ അമരക്കാർ തുടങ്ങി അന്താരാഷ്ട്ര നേതാക്കന്മാർ വരെ ദർശനത്തിന് ക്യൂ നിൽക്കുമായിരുന്ന ഭാവിയിലെ ഒരു ബാബയാണ് മുഖംമൂടി അഴിഞ്ഞു വീണ സ്വാമി അമൃത ചൈതന്യ. അതിനേക്കാൾ വലിയ അധോലോകത്തെ നയിക്കുന്ന 'അമൃത'മാർ ഇനിയും പിടികൂടപ്പെടാനുണ്ട്.

മനുഷ്യന്റെ മാനസിക ദൗർബല്യങ്ങൾ അവനെ വളരെ വേഗം അന്ധവിശ്വാസങ്ങൾക്ക് അടിപ്പെടുത്തുന്നു. ഭാവി അറിയാനുള്ള ആഗ്രഹം, വരാനിരിക്കുന്ന വിപത്തുകളെക്കുറിച്ച ഭയം, അവയിൽ നിന്ന് രക്ഷപ്പെടാനുള്ള വ്യഗ്രത, സാമ്പത്തിക നേട്ടങ്ങൾ, ജീവിതസൗഖ്യം, രോഗശാന്തി, ഇവയെല്ലാം എളുപ്പം നേടിത്തരാൻ കഴിയുന്ന 'അതിമാനുഷരുടെ അത്ഭുതസിദ്ധി'കളിലുള്ള വിശ്വാസം തുടങ്ങിയവയെല്ലാം മനുഷ്യരെ വേഗത്തിൽ സ്വാധീനിക്കും. അൽപ വിശ്വാസം ഉള്ളിലുള്ളവരെ ഭയപ്പെടുത്തി അന്ധവിശ്വാസികളാക്കുക എളുപ്പമാണ്. ഭക്തരുടെ ഭയവും പ്രതീക്ഷയുമാണ് 'ദൈവങ്ങളുടെ' മൂലധനം.

ജ്യോതിഷം, ഭാവി പ്രവചനം, ശത്രുദോഷ പരിഹാരം, മന്ത്രം, ഏലസ്, ജാതകം, അത്ഭുത സിദ്ധ മോതിരം, ജ്യോതിർമയി രത്നങ്ങൾ, ബാധയിറക്കൽ, ആകാശത്തുനിന്ന് വിഭൂതി, ശൂന്യതയിൽനിന്ന് സ്വർണം... എന്തൊക്കെ അന്ധവിശ്വാസങ്ങളാണ് നാൾക്കുനാൾ പ്രചാരം നേടി വരുന്നത്. ജ്യോതിഷമാണ് ആത്മീയ തട്ടിപ്പുകളുടെ പ്രധാന അടിത്തറ. ജ്യോതിഷത്തെ ഒരു ശാസ്ത്രമായി അവതരിപ്പിക്കാനാണ് പലരും ശ്രമിക്കുന്നത്. 'യഥാർഥത്തിൽ ജ്യോതിഷം ഒരു വലിയ അസംബന്ധമാണ്. പലരുടെയും വയറ്റുപ്പിഴപ്പിനുള്ള മാർഗവും'- കെപ്ലർ നിരീക്ഷിച്ചിട്ടുണ്ട്. 'മിക്ക ശാസ്ത്രജ്ഞരും ജ്യോതിഷത്തിൽ വിശ്വസിക്കുന്നില്ല. കാരണം വ്യക്തമായ ശാസ്ത്ര സത്യങ്ങളോട് അത് വിയോജിക്കുന്നു' എന്നാണ് സ്റ്റീഫൻ ഹോക്കിംഗ് പറഞ്ഞത്. നിത്യ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ജ്യോതിഷികൾ പറയുക. അതുകൊണ്ട് ദുർബല മനസ്കരിൽ അത് പെട്ടെന്ന് സ്വാധീനം ചെലുത്തും. അത് ജ്യോതിഷികൾക്ക് വളർച്ചയുടെ വഴിയൊരുക്കും. അങ്ങനെ തടിച്ചു കൊഴുത്ത ജ്യോതിഷികളുടെ നീണ്ട നിര തന്നെ കാണാം. ഇപ്പോൾ പുറത്തുവന്ന തട്ടിപ്പു സ്വാമികളിൽ പലരുടെയും തുരുപ്പുചീട്ട് ജ്യോതിഷമാണ്.

### പെണ്ണ്, പണം

പെണ്ണും പണവുമാണ് ആത്മീയ ബിസിനസിന്റെ പ്രധാന ലക്ഷ്യം. അവിഹിതമാർഗങ്ങളിലൂടെ കള്ളപ്പണമായും ഭക്തരുടെ സംഭാവനയായും ധ്യാനത്തിന്റെയും ജ്യോതിഷത്തിന്റെയും ഫീസായും കോടികളാണ് ആൾ ദൈവങ്ങൾ സമ്പാദിക്കുന്നത്. സ്വാമിമാരും സിദ്ധന്മാരും കോടിപതികളാവുന്നത് വളരെ പെട്ടെന്നാണ്. വമ്പിച്ച സാമ്പത്തിക തകർച്ച നേരിട്ടവരാണ് മിന്നൽ വേഗത്തിൽ കോടീശ്വരന്മാരാകുന്നത്. സാമ്പത്തിക മേഖലയാകട്ടെ ഒട്ടേറെ നിഗൂഢതകൾ നിറഞ്ഞതുമാണ്.

മറ്റൊന്ന് ലൈംഗികവൈകൃതങ്ങളാണ്. സ്വവർഗരതിയും ബലാത്സംഗവും വ്യഭിചാരവുമൊക്കെയാണ് ആൾ ദൈവങ്ങളുടെ പ്രധാന 'ആരാധന'. 'അതിലൈംഗികതയിലൂടെ ആത്മീയ മോക്ഷം' എന്ന ഒരു വാക്യം ഉയർത്തിയ ഓഷോ രജനീഷ് മുതൽ പൂജാ പുഷ്പം പോലെ അശ്ലീല സീഡികൾ നിർമിച്ച് സൂക്ഷിച്ചു പോന്ന സ്വാമി അമൃത ചൈതന്യവരെ 'കാമഭോഗാനന്ദ സ്വാമി'മാരുടെ പട്ടികയിലുണ്ട്. മദ്യകുപ്പികൾ, എയർ പിസ്റ്റൾ, ഗർഭ നിരോധന ഉറകൾ-ഗുളികകൾ, അശ്ലീല സീഡികൾ, ഒളി കാമറകൾ... ഇതൊക്കെയാണ് പുതിയ പൂജാ വസ്തുക്കൾ. സ്ത്രീയെ നൂൽബന്ധമില്ലാതെ മുമ്പിലിരുത്തി ചെയ്യുന്ന മുഴു ദിവസ പൂജയിൽ സ്പെഷ്യലൈസ് ചെയ്തവരുണ്ട്. ധ്യാന കേന്ദ്രങ്ങളും മഠങ്ങളും ലൈംഗിക പേക്കൂത്തുകളുടെ കേന്ദ്രമാണെന്നതിന് എത്രയെങ്കിലും തെളിവുകളുണ്ട്.

ഇങ്ങനെ കെട്ടി ഉയർത്തപ്പെടുന്ന ആത്മീയ സാമ്രാജ്യങ്ങൾ സംരക്ഷിക്കാൻ എല്ലാതരം ക്രിമിനലിസവും ഗുണ്ടാപടയും ആൾദൈവങ്ങൾക്ക് കൂട്ടുണ്ട്. കൊലപാതകം, പീഡനം, തട്ടിക്കൊണ്ടുപോക്ക്, സ്ത്രീകളെ വിദേശത്തേക്ക് കടത്തൽ, വധശ്രമം തുടങ്ങിയ അനേകം

കേസുകളിൽ പ്രതിയായിട്ടുള്ളവരാണ് ആൾദൈവങ്ങൾ. അമൃത ചൈതന്യക്കെതിരെതന്നെ പതിനഞ്ചിലേറെ കേസുകളുണ്ട്.

## രാഷ്ട്രീയക്കാരും നിയമപാലകരും

ആൾദൈവങ്ങളുടെ വലയിൽ കുടുങ്ങി പണവും മാനവും നഷ്ടപ്പെടുന്ന ഭക്തരിൽ പലരും മാനഹാനിയും ‘ദൈവങ്ങൾ’ നൽകുന്ന ശിക്ഷകളും ഭയന്ന് മൗനികളാകുന്നു. അപൂർവമായി ആരെങ്കിലും എന്തെങ്കിലും പരാതികൾ ഉന്നയിച്ചാൽ നിയമത്തെ തന്നെ നിയന്ത്രിക്കുന്ന ‘ദൈവങ്ങൾ’ക്ക് ഒരു പോറലും ഏൽക്കുകയില്ല താനും. കാരണം, ഭരണാധികാരികൾ, രാഷ്ട്രീയക്കാർ, ന്യായാധിപർ ഉൾപ്പെടെയുള്ള ഉന്നതർ, നിയമ പാലകർ, സുരക്ഷാ ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ, സിനിമാ-കായിക താരങ്ങൾ, മീഡിയാ പ്രവർത്തകർ, അധോലോക മാഫിയ തുടങ്ങിയവരെല്ലാം ചേർന്ന ഒരു ബഹുകക്ഷി മുന്നണിയുടെ പിന്തുണയും സംരക്ഷണവും നിർലോഭം കിട്ടുന്നുണ്ട് ആൾദൈവങ്ങൾക്ക്.

വോട്ടു ബാങ്ക് താൽപര്യങ്ങളാണ് പൊതുവെ രാഷ്ട്രീയക്കാരെ ആൾദൈവ പൂജകരാക്കുന്നത്. ഇടതും വലതും ഇക്കാര്യത്തിൽ വ്യത്യാസമൊന്നും കാണാനില്ല ഇപ്പോൾ. ദൈവങ്ങളുടെ പണത്തിലും ഭക്തരുടെ വോട്ടിലും കണ്ണു വെച്ച് രാഷ്ട്രീയക്കാർ ആത്മീയ കച്ചവടത്തിനും അനാശാസ്യങ്ങൾക്കും എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നു. അമൃതാനന്ദമയിയെ വിമർശിച്ച ശ്രീനി പട്ടത്താനത്തിന്റെ പുസ്തകം നിരോധിക്കാൻ വ്യഗ്രത കാട്ടിയത് നാസ്തികനെന്നറിയപ്പെടുന്ന ആന്റണിയാണ്. സർക്കാറായിരുന്നു കേസിൽ വാദി. ഡിവൈൻ ധ്യാന കേന്ദ്രത്തിനെതിരിലുള്ള അന്വേഷണത്തിന് തടയിട്ടതും ധ്യാനകേന്ദ്രം കുറ്റമുക്തമാണെന്ന് പ്രഖ്യാപിച്ചതും സി.പി.എം നേതാക്കളാണ്. ഇടതു ഗവൺമെന്റിലെ വനംവകുപ്പ് മന്ത്രിയാണ് കോഴിക്കോട് അമ്മയെ ആലിംഗനം ചെയ്യാനെത്തിയത്! യൂത്ത് കോൺഗ്രസ്സുകാർ അമൃത ചൈതന്യയുടെ ആശ്രമം തകർക്കാൻ ശ്രമിച്ചത് നാം കണ്ടു. എന്നാൽ ചന്ദ്ര സ്വാമിയെന്ന ക്രിമിനലിനെ ചെല്ലും ചെലവും കൊടുത്ത് വാഴിച്ചതും സംരക്ഷിച്ചതും കോൺഗ്രസ് നേതാക്കളായിരുന്നു.

ഭരണാധികാരികളും നിയമപാലകരും പാദങ്ങളിൽ വീഴുന്നത് ‘ദൈവങ്ങൾക്ക്’ നിയമലംഘനത്തിനുള്ള ലൈസൻസാണ്. ഉന്നതരോടൊന്നിച്ചുള്ള ഫോട്ടോകൾ തട്ടിപ്പിനുള്ള സർട്ടിഫിക്കറ്റും. അതുകൊണ്ടാണ് ക്രിമിനൽ പശ്ചാത്തലമുള്ള ഒരാൾക്ക്, ഒരു അന്വേഷണവും നടത്താതെ തോക്കുകൾ കൊടുക്കുന്ന എ.ഡി.എമ്മുമാർ ഉണ്ടാകുന്നത്. പോലീസിന് ‘പണം’ എന്ന ഒരൊറ്റ ദൈവമേയുള്ളൂ. അത് നൽകുന്ന ഏതു ചെകുത്താനെയും അവർ ദൈവമാക്കി സല്യൂട്ട് ചെയ്യും. ഇന്റർപോൾ അന്വേഷിക്കുന്ന അന്താരാഷ്ട്ര ക്രിമിനലിന്റെ അരമനയിൽ കാക്കി അഴിച്ചുവെച്ച് പൂജ ചെയ്യും. പോലീസും ആത്മീയ വ്യാപാരികളും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ ഒന്നാംതരം തെളിവാണ് അമൃത ചൈതന്യയുടെ ആശ്രമത്തിൽനിന്ന് ലഭിച്ച പോലീസ് യൂനിഫോമും സാം ക്രിസ്റ്റിയുടെ എസ്കോർട്ട് പടവും. സ്വാമി അമൃത ചൈതന്യയുടെ ആശ്രമം റെയ്ഡ് നടത്തിയപ്പോൾ ഏതാനും അശ്ലീല സീഡികളും ആൽബങ്ങളും ലഭിച്ചു. കൊമ്പൻ സ്രാവുകളാണതിലെ അഭിനേതാക്കൾ എന്ന് കേൾക്കുന്നു. തെളിവുകൾ മാറ്റാൻ ആവോളം സമയം കൊടുത്തിട്ടും എന്തുകൊണ്ട് സ്വാമി ആൽബവും സീഡികളും അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കി? താൻ കുടുങ്ങിയാൽ പ്രമുഖരും കുടുങ്ങണം. അതുവഴി തനിക്കും രക്ഷപ്പെടാം! ഇതാണ് തന്ത്രം.



**ജ്യോതിഷമാണ് ആത്മീയ തട്ടിപ്പുകളുടെ പ്രധാന അടിത്തറ. ജ്യോതിഷത്തെ ഒരു ശാസ്ത്രമായി അവതരിപ്പിക്കാനാണ് പലരും ശ്രമിക്കുന്നത്. നിത്യ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ജ്യോതിഷികൾ പറയുക. അതുകൊണ്ട് ദുർബല മനസ്കരിൽ അത് പെട്ടെന്ന് സ്വാധീനം ചെലുത്തും. അത് ജ്യോതിഷികൾക്ക് വളർച്ചയുടെ വഴിയൊരുക്കും. അങ്ങനെ തടിച്ചു കൊഴുത്ത ജ്യോതിഷികളുടെ നീണ്ട നിര തന്നെ കാണാം. ഇപ്പോൾ പുറത്തു വന്ന തട്ടിപ്പു സ്വാമികളിൽ പലരുടെയും തുരുപ്പുചീട്ട് ജ്യോതിഷമാണ്.**

## സംഘ്പരിവാർ അജണ്ട

സംഘ്പരിവാർസംഘടനകൾക്ക് മനുഷ്യ ദൈവങ്ങൾ മികച്ചൊരു മുതൽക്കൂട്ടാണ്. തീവ്ര വംശീയതയിലും ദേശീയതയിലും അധിഷ്ഠിതമായ കാവി രാഷ്ട്രീയത്തിന് ആളെ കൂട്ടാനുള്ള എളുപ്പ വഴിയായാണ് അവർ ആൾദൈവങ്ങളെ കാണുന്നത്. ശ്രീ ശ്രീ രവിശങ്കറിന് ആർ.എസ്.എസ്സിന്റെ ധർമ സൻസദിൽ പങ്കെടുക്കാൻ ഒരു മടിയുമുണ്ടാകുന്നില്ല. സ്നേഹവും കാരുണ്യവും പ്രസംഗിക്കുന്ന അമ്മമാർക്ക് ഗുജറാത്തുകൾ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുന്നു. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ അന്ധവിശ്വാസം അനാവരണം ചെയ്യുന്ന പരിപാടി പൊളിക്കാൻ ആർ.എസ്.എസ് ശ്രമിക്കുന്നു!

സ്വാമി അമൃത ചൈതന്യക്കെതിരെയുള്ള വെളിപ്പെടുത്തലുകൾ പത്രങ്ങളിൽ വന്നപ്പോൾ സ്വാമി നിരപരാധിയാണെന്ന് പോലീസ് പറയുന്നതായി *ജന്മഭൂമി* പത്രം (10-5-2008) ഫ്രണ്ട് പേജ് വാർത്ത പ്രസിദ്ധീകരിച്ചു. അന്നോ, അടുത്ത ദിവസങ്ങളിലോ മറ്റു പത്രങ്ങൾക്ക് ആ വാർത്ത കിട്ടിയില്ല. സ്വാമി പിടിയിലായിക്കഴിഞ്ഞപ്പോഴാകട്ടെ *ജന്മഭൂമി* എഡിറ്റോറിയൽ (18-5-2008)തന്നെ എഴുതി, ‘നിന്ദ്യം, നീചം’ എന്ന തലക്കെട്ടിൽ. അത്യന്തം വൈകാരികമായി എഴുതിയ എഡിറ്റോറിയലിൽ വർഗീയ ധ്രുവീകരണത്തിനുള്ള ശ്രമം നടത്തി പത്രം.

സന്തോഷ് മാധവൻ ‘സ്വാമിയല്ല’, ‘അമൃത ചൈതന്യയുമല്ല’ എന്നൊക്കെ സംഘ്പരിവാർ വാദിച്ചു (അവതാരങ്ങളായി ജന്മമെടുത്തവരെ ‘ആൾദൈവങ്ങൾ, മനുഷ്യദൈവങ്ങൾ’ എന്നൊക്കെ വിളിച്ച് അപമാനിക്കരുതെന്നും അത്

സെമിറ്റിക് മതങ്ങൾ ഹിന്ദു മതത്തെ അവഹേളിക്കാൻ പറയുന്നതാണെന്നും മറ്റും സംഘിന്റെ താത്ത്വികാചാര്യൻ പി. പരമേശ്വരൻ (*മാതൃഭൂമി* 2003 ഒക്ടോ. 20) നേരത്തെ തന്നെ വാദിച്ചിട്ടുള്ളത് ഇതിനോട് ചേർത്തുവായിക്കണം).

*ജന്മഭൂമി* പത്രം ഇത്രയും കാലം എന്തുകൊണ്ട് അമൃത ചൈതന്യയെക്കുറിച്ച് സത്യാവസ്ഥ എഴുതാൻ തയാറായില്ല? ഇപ്പോൾ അനേകം ആത്മീയ കച്ചവടക്കാരെക്കുറിച്ച വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇവർ വ്യാജന്മാരാണെന്നു പറയാൻ എന്തേ ഇവിടെ ആളില്ലാതിരുന്നത്? ആരാണ് ഇവരെ ഇതുവരെ സംരക്ഷിച്ചുനിർത്തിയത്?

## സംവാദവും നിയമവും

ആൾദൈവങ്ങളെ തടഞ്ഞ് വഴി നടക്കാൻ കഴിയാതിരുന്നിട്ടും അധോലോകത്തെ വെല്ലുന്ന ആത്മീയ മാഫിയ നാട്ടിൽ പിടിമുറുക്കിയിട്ടും കേരളീയ സമൂഹത്തിൽ എന്തുകൊണ്ടാണ് നവ ആത്മീയതയെക്കുറിച്ച് ഗൗരപൂർവമായ ഒരു സംവാദം രൂപപ്പെടാത്തത്? സാമൂഹിക നവോത്ഥാനത്തിന്റെ മുമ്പിൽ നടന്ന പ്രസ്ഥാനങ്ങൾ പുതിയ വിപ്ലവഗാനങ്ങൾ രചിക്കാത്തത്? നമ്മുടെ എഴുത്തുകാർ, സാഹിത്യനായകർ, ബുദ്ധിജീവികൾ, സാംസ്കാരിക വിമർശകർ, യുവജന സംഘടനകൾ... ആരും പൊള്ളുന്ന ചോദ്യങ്ങൾ ചോദിക്കാത്തതും പ്രക്ഷോഭങ്ങൾ നയിക്കാത്തതും എന്തുകൊണ്ടാണ്? നരിമടകളിൽ ശൗര്യം തണുത്തുറഞ്ഞുവോ? അതോ നവ ആത്മീയ ഭക്തരെ മാത്രമല്ല ഇവരെയും അരാഷ്ട്രീയവത്കരിച്ചുവോ? തീർച്ചയായും ഈ പശ്ചാത്തലത്തിൽ ക്രിയാത്മകമായ സംവാദങ്ങൾക്ക് കേരളീയ സമൂഹം കാത്തിരിക്കുന്നുണ്ട്.

രണ്ടാമതായി ആൾദൈവങ്ങളെ തളക്കാൻ പറ്റുന്ന നിയമത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. എന്തിനും ഏതിനും നിയമമുള്ള, അന്വേഷണങ്ങളും കേസും അറസ്റ്റും കോടതിയും ശിക്ഷയുമുള്ള നാട്ടിൽ പക്ഷേ, ആത്മീയ മാഫിയയെ തളക്കാൻ പര്യാപ്തമായ നിയമമില്ലെന്നാണ് അറിയുന്നത്. പരാതി ലഭിച്ചെങ്കിലേ അമൃത ചൈതന്യക്കെതിരെ കേസെടുക്കാനും അന്വേഷണം നടത്താനും കഴിയൂ എന്നാണ് ആഭ്യന്തര മന്ത്രി പറഞ്ഞത്. പത്തോ പതിനഞ്ചോ ആയിരം മുടക്കി ഒരു പാവപ്പെട്ടവൻ പെട്ടിക്കട തുടങ്ങിയാൽ സാമ്പത്തിക സ്രോതസ്സ് തേടിയെത്തുന്ന ഉദ്യോഗസ്ഥർക്ക് പക്ഷേ, ആൾദൈവങ്ങളുടെ വരുമാനമാർഗങ്ങളെയോ ആസ്തികളെയോ പറ്റി അന്വേഷിക്കാൻ വകുപ്പില്ലത്രെ!

തീർച്ചയായും ആത്മീയ കച്ചവടത്തെ നിയന്ത്രിക്കാവുന്ന നിയമം നിർമിക്കുകയും ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. മഹാരാഷ്ട്രയിൽ മാത്രമാണ് അത്തരമൊരു നിയമം നിലവിലുള്ളത്. 2005-ൽ മഹാരാഷ്ട്ര ഗവൺമെന്റ് പാസ്സാക്കിയ നിയമമനുസരിച്ച് പരാതിയില്ലാതെ തന്നെ പോലീസിന് ഭക്തി വ്യാപാരികളെക്കുറിച്ച് അന്വേഷണം നടത്താം, കേസെടുക്കാം. കുറ്റങ്ങൾ തെളിയിക്കപ്പെട്ടാൽ ആറു മാസം മുതൽ ഏഴു വർഷം വരെ തടവ് ശിക്ഷ ലഭിക്കും. പുതുതായി രംഗത്തുവരുന്നവരും പഴയവരുമുൾപ്പെടെയുള്ള ആത്മീയ നേതാക്കളെ നിരീക്ഷിക്കാനും നിയമത്തിൽ വകുപ്പുണ്ട്. അത്തരമൊരു നിയമം കുറേകൂടി ശക്തമായ വകുപ്പുകളോടെ കേരളത്തിലും ഉണ്ടാകണം. എല്ലാ ആശ്രമങ്ങളും ധ്യാനകേന്ദ്രങ്ങളും മഠങ്ങളും പരിശോധിക്കണം. ഈശ്വര പൂജയിലും ജനസേവനത്തിലും മാത്രം കേന്ദ്രീകരിക്കുന്ന, തെറ്റൊന്നും ചെയ്യാത്തവരാണെങ്കിൽ എന്തിനാണ് ഇത്തരം ആത്മീയ കേന്ദ്രങ്ങൾ അന്വേഷണങ്ങളെയും വിമർശനങ്ങളെയും ഭയക്കുന്നത്? സാമ്പത്തിക സ്രോതസ്സും ആസ്തിയും അന്വേഷിക്കണം, കണക്കുകൾ ഓഡിറ്റ് ചെയ്യണം. ബാങ്കുകളിലൂടെ നിയമാനുസൃതമായി മാത്രമേ ഫണ്ട് സ്വീകരിക്കാവൂ എന്ന് വ്യവസ്ഥ വെക്കണം. രജിസ്ട്രേഷൻ നിർബന്ധമാക്കണം. ആത്മീയ നേതാക്കളുടെ ഭൂതകാലം അന്വേഷിക്കണം. ശക്തമായ ബോധവത്കരണത്തിനും അന്ധവിശ്വാസത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കാനും രംഗത്തിറങ്ങണം. ■